LIBRARY ARCHIVES Kerala Legislative Assembly

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

കസ്തൂരിരംഗൻ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ചുകിട്ടാനുള്ള നടപടികൾ ത്വരിതപ്പെടുത്താനാവൂ.

അച്ചൻകോവിൽ

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 16-9-2008-ൽ ലഭിച്ചിട്ടുണ്ട്. അന്തിമപാരിസ്ഥിതികാനുമതിക്കായുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

കുരിയാർകുറ്റി-കാരപ്പാറ പദ്ധതി

പദ്ധതിയുടെ നിർമ്മാണച്ചെലവ് സംബന്ധിച്ച് ജലവിഭവ വകുപ്പും ഊർജ്ജ വകുപ്പും തമ്മിൽ ധാരണയിലെത്താത്തതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

പാത്രക്കടവ്

ഒന്നാംഘട്ട പാരിസ്ഥിതികാനുമതി 12-09-2003-ൽ ലഭിച്ചു. അന്തിമാനുമതിക്കുള്ള അപേക്ഷ പരിഗണനയിലിരിക്കുമ്പോൾ `EIA Notification 2006' നിലവിൽ വന്നതിനാൽ പുതുക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ സ്ഥലം സൈലന്റ് വാലി നാഷണൽ പാർക്കിന്റെ ബഫർസോണായി പ്രഖ്യാപിച്ചതിനാൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി നൽകാൻ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുവാൻ നിർവ്വാഹമില്ലെന്ന് സംസ്ഥാന വനംവകുപ്പ് അറിയിച്ചിട്ടുണ്ട്.

വൈദ്യുതപദ്ധതികളുടെ നിർമ്മാണപുരോഗതി

26 (6477) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലങ്ങോട്, ചാത്തൻകോട്ടുനട, വരാപ്പുഴ, പെരുന്തേനരുവി, കക്കയം, ആഢ്യൻപാറ, ചിമ്മിനി എന്നീ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ നിന്ന് എത്രവീതം വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുതപദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) വിലങ്ങാട്, ചാത്തൻകോട്ടുനട, പെരുന്തേനരുവി, കക്കയം, ആഢ്യൻപാറ, ചിമ്മിനി എന്നീ ചെറുകിട ജലവൈദ്യുതപദ്ധതികളുടെ നിർമ്മാണ പുരോഗതി, ഉൽപ്പാദനശേഷി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള മാസം ഇവ ചുവടെ ചേർക്കുന്നു :

	പദ്ധതി	സമാഹിതശേഷി (മെഗാവാട്ട്)	വാർഷിക ഉല്പാദന ശേഷി മെഗാവാട്ട്	നിർമ്മാണ പുരോഗതി (%)	പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന മാസം
1.	വിലങ്ങാട്	7.5	22.65	96.5%	പദ്ധതിയുടെ ട്രയൽ റൺ പുരോഗമിക്കുന്നു. ഈ മാസം ഉൽപ്പാദനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
2.	ചാത്തൻകോട്ടുനട- II	6	14.76	20%	12/2015
3.	പെരുന്തേനരുവി	6	25.77	24%	6/2015
4.	കക്കയം	3	10.39	56%	12/2015
5.	ആഢ്യൻപാറ	3.5	9.01	36%	6/2015
6.	ചിമ്മിനി	2.5	6.7	55%	3/2015

വരാറ്റുഴയിൽ ജലവൈദ്യുത പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

പെരായി 110 കെ.വി.സബ്സ്റ്റേഷനുവേണ്ടി ഇലക്ട്രിക്ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ

27 (6478) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികളിൽ എറണാകുളം എ.ഡി.എം. അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly